# MADHUR GRAMA PANCHAYAT

Local Self Government

Phone: 04994-230427(O)
P.O Madhur,
Kasaragod District - 671124

Secretary

E-mail: secmadhurgp@gmail.com

1518471 - 2026

തിയ്യതി: 30/06/2026

## ഇ -ടെണ്ടർ നോട്ടീസ്

മധൂർ ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള താഴെ പറയുന്ന പ്രവൃത്തി നിർവഹിക്കുന്നതിനായി യോഗ്യരായ ഇലക്ട്രിക്കൽ ലൈസൻസുള്ള കോൺട്രാക്ടർമാരിൽ നിന്ന് മുദ്രവെച്ച മത്സരഭാഷാധിഷ്ഠിത ടെണ്ടറുകൾ ക്ഷണിക്കുന്നു.

| വിവരങ്ങൾ | തുക / തീയ്യതി |
|---|---|
| പ്രവൃത്തിയുടെ പേര് | പ്രൊജക്റ്റ് നമ്പർ: 68 – 24 വാർഡിൽ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ |
| അടങ്കൽ തുക | : 1000000/- |
| ടെൻഡർ ഫോറത്തിന്റെ വില | : 2000/- |
| SGST | : 18 % |
| CGST | : 18 % |
| EMD | : 10000/- |
| സെക്യൂരിറ്റി നിക്ഷേപം | : 50000/- |
| ദർഘാസുകൾ സ്വീകരിക്കുന്ന അവസാന തീയ്യതി | :10/07/2026, 11:00 A.M |
| ദർഘാസുകൾ തുറന്നു പരിശോധിക്കുന്ന തീയ്യതി | : 13/07/2026, 11:00 A.M |

സവിശേഷതകൾ

| SERIAL NUMBER | DESCRIPTION | WARRANT |
|---|---|---|
| 1 | 24 WATT LED STREET LIGHTING LUMINARY AUTOMATIC OPERATION WITH ALL FITTING ACCESSORIES INCLUDING INSTALLATION | 24 MONTHS |

നിബന്ധനകൾ

1. ഇ– ടെൻഡറിംഗ് സംബന്ധിച്ച് ബഹു സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള എല്ലാ ഉത്തരവുകളും ഇതിനും ബാധകമായിരിക്കുന്നതാണ്.

2. ദർഘാസിനോടൊപ്പം നിശ്ചിത തുകയുള്ള നിരതദ്രവ്യവും ദർഘാസ് ഫീയും നെറ്റ് ബാങ്കിംഗ് മുഖേന ഓൺലൈനായി ഒടുക്കേണ്ടതാണ്. അല്ലാത്ത പക്ഷം ദർഘാസുകൾ നിരസിയ്ക്കുന്നതാണ്.

3. ദർഘാസ് ഫോറങ്ങളും അനുബന്ധരേഖകളും ദർഘാസ് സമർപ്പിക്കാനുള്ള അവസാന തീയതി വരെ ഇ ടെൻഡർ വെബ്സൈറ്റിൽ നിന്നും സൗജന്യമായി ഡൗൺലോഡ് ചെയ്യാവുന്നതാണ്.

4. നിർദ്ദിഷ്ട രീതിയിൽ തയ്യാറാക്കിയ ദർഘാസുകൾ നിശ്ചിത സമയത്തിനു മുമ്പായി ഇ ടെൻഡർ വെബ്സൈറ്റിൽ അപ് ലോഡ് ചെയ്തിരിക്കേണ്ടതാണ്.

5. പ്രിലിമിനറി എഗ്രിമെന്റ് ആവശ്യപ്പെട്ടിട്ടുള്ള മറ്റു രേഖകൾ എന്നിവ അപ് ലോഡ് ചെയ്യാത്ത ദർഘാസുകൾ യാതൊരു കാരണവശാലും സ്വീകരിക്കുന്നതല്ല.

6. നിശ്ചിത സമയത്തിനുള്ളിൽ ലഭിച്ചിട്ടുള്ള എല്ലാ ദർഘാസുകളും നിശ്ചിത സമയത്തിന് തദവസരത്തിൽ സന്നിഹിതരായ കരാറുകാരുടെ സാന്നിദ്ധ്യത്തിൽ ഓൺ ലൈനായി തുറക്കുന്നതാണ്.

7. ലഭിച്ചിട്ടുള്ള ദർഘാസുകളുടെ സമാഹൃതപത്രിക (Tender Tabulation Statement) തദ്ദേശ സ്വയംഭരണ സ്ഥാപന ഭരണസമിതിയുടെ പരിഗണനയ്ക്ക് സമർപ്പിയ്ക്കുന്നതും ഏതെങ്കിലും ദർഘാസോ എല്ലാ ദർഘാസുകളുമോ യാതൊരു കാരണവും കാണിക്കാതെ നിരസിക്കാനുള്ള അവകാശം ഭരണസമിതിയിൽ നിക്ഷിപ്തമായിരിക്കുന്നതുമാണ്.

8. ദർഘാസ് തുറക്കുന്ന ദിവസം ഏതെങ്കിലും കാരണവശാൽ അവധിയായി പ്രഖ്യാപിയ്ക്കുന്ന പക്ഷം തൊട്ടടുത്ത പ്രവൃത്തി ദിവസം ദർഘാസ് നടപടികൾ നടത്തുന്നതാണ്.

9. പുതുതായി ഏർപ്പെടുത്തിയിട്ടുള്ള ചരക്ക സേവന നികുതി (GST) പ്രകാരമുള്ളതും സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്നതുമായ എല്ലാ ഉത്തരവുകളും ഈ ദർഘാസ് പ്രകാരം പ്രസിദ്ധീകരിച്ചിട്ടുള്ള പ്രവൃത്തികൾക്ക് ബാധകമായിരിക്കുന്നതാണ്. നികുതി നിരക്കുകളിൽ വർദ്ധന ഉണ്ടാകുന്ന പക്ഷം അത് ഒടുക്കുവാൻ കരാറുകാർ ബാധ്യസ്ഥരായിരിക്കുന്നതാണ്.

10 പ്രവൃത്തികളെ സംബന്ധിച്ച വിശദവിവരങ്ങൾ പ്രവൃത്തിസമയങ്ങളിൽ ഗ്രാമ പഞ്ചായത്താഫീസ് നിന്നോ http://tender.lsgkerala.gov.in/pages/displayTender.php, www.etenders.kerala.gov.in എന്നീ വെബ് സൈറ്റുകളിൽ നിന്നോ അറിയാവുന്നതാണ്.

ടെണ്ടറുകൾ സംബന്ധിച്ച അന്തിമ തീരുമാനം ഭരണസമിതിയിൽ നിക്ഷിപ്തമായിരിക്കും.

(ഒപ്പ്)
സെക്രട്ടറി
മധൂർ ഗ്രാമപഞ്ചായത്ത്